**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1938** **20-06-2024 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കായംകുളം മണ്ഡലത്തിൽ അനുവദിച്ച ഭരണിക്കാവ് ഗവ. യു.പി.എസ്. സ്റ്റേഡിയം, കണ്ടല്ലൂർ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണം ഭരണാനുമതി ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഭരണിക്കാവ് ഗവ.യു.പി.എസ്. സ്റ്റേഡിയത്തിന്റെ നിലവിലെ കരാർ പ്രകാരമുള്ള പ്രവൃത്തി 27.05.2023-ന് പൂർത്തിയായിട്ടുണ്ട്. അധിക പ്രവൃത്തിയായ പ്രീ എഞ്ചിനീയേഡ് ബിൽഡിംഗിന്റെ സൈഡ് കവറിംഗ്, സ്പോർട്സ് ഫ്ളോറിംഗ്, എർത്ത്ഫില്ലിംഗ് & ഇന്റർലോക്ക്, ടോയ്‌ലറ്റ്, ചുറ്റുമതിൽ, ഡ്രെയിനേജ്, ഇലക്ട്രിഫിക്കേഷൻ എന്നിവയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കായംകുളം മണ്ഡലത്തിലെ കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത് ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തി 86ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ബാക്ക് ഫില്ലിംഗ്, പി.സി.സി. ലെയിംഗ്, ആർ.സി.സി. ഫ്ളോറിംഗ് എന്നിവയാണ് പ്രസ്തുത സ്റ്റേഡിയത്തിൽ ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ. പ്രസ്തുത പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിരിക്കുന്ന M/sസ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് വളരെ മന്ദഗതിയിലാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്. ഇൻഡോർ കോർട്ടിന് വേണ്ട മണ്ണ് നിറയ്ക്കുന്നതിനുള്ള അധിക പ്രവൃത്തിക്ക് അംഗീകാരം 23.02.2024- ന് നല്കിയിട്ടും ഇതുവരെ നടപടികളൊന്നും കൈകൊണ്ടിട്ടില്ല. അതിനാൽ എത്രയും വേഗം പണി പൂർത്തീകരിക്കാൻ വേണ്ടി സ്പോർട്സ് കേരള ഫൗണ്ടേഷനിൽ നിന്നും 07.06.2024-ൽ പ്രസ്തുത കരാറുകാരന് രജിസ്റ്റേർഡ് നോട്ടീസ് നല്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | ഭരണിക്കാവ് ഗവ.യു.പി.എസ്. സ്റ്റേഡിയത്തിന്റെ നിലവിലെ കരാർ പ്രകാരമുള്ള പ്രവൃത്തി 27.05.2023-ന് പൂർത്തിയായിട്ടുണ്ട്. അധിക പ്രവൃത്തിയായ പ്രീ എഞ്ചിനീയേഡ് ബിൽഡിംഗിന്റെ സൈഡ് കവറിംഗ്, സ്പോർട്സ് ഫ്ളോറിംഗ്, എർത്ത്ഫില്ലിംഗ് & |

| | | | |
|---|---|---|---|
| | | | ഇന്റർലോക്ക്, ടോയ്‌ലറ്റ്, ചുറ്റുമതിൽ, ഡ്രൈയിനേജ്, ഇലക്ട്രിഫിക്കേഷൻ എന്നിവയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കായംകുളം മണ്ഡലത്തിലെ കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത് ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തി 86ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ബാക്ക് ഫില്ലിംഗ്, പി.സി.സി. ലെയിംഗ്, ആർ.സി.സി. ഫ്ളോറിംഗ് എന്നിവയാണ് പ്രസ്തുത സ്റ്റേഡിയത്തിൽ ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ. പ്രസ്തുത പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിരിക്കുന്ന M/sസ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് വളരെ മന്ദഗതിയിലാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്. ഇൻഡോർ കോർട്ടിന് വേണ്ട മണ്ണ് നിറയ്ക്കുന്നതിനുള്ള അധിക പ്രവൃത്തിക്ക് അംഗീകാരം 23.02.2024- ന് നല്കിയിട്ടും ഇതുവരെ നടപടികളൊന്നും കൈകൊണ്ടിട്ടില്ല. അതിനാൽ എത്രയും വേഗം പണി പൂർത്തീകരിക്കാൻ വേണ്ടി സ്പോർട്സ് കേരള ഫൗണ്ടേഷനിൽ നിന്നും 07.06.2024-ൽ പ്രസ്തുത കരാറുകാരന് രജിസ്റ്റേർഡ് നോട്ടീസ് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ